"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2027/2024-WEC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 21.02.2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അന്താരാഷ്ട്ര വനിതാ ദിനം 2025 മാർച്ച് 8 ന് – ജില്ലാ തല പരിപാടി സെക്കന്റ് ഷോ സിനിമ സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 12.02.2025 ലെ ഇതേ നം. കത്ത്

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും അന്താരാഷ്ട്ര വനിത ദിനാചരണ പരിപാടി മാർച്ച് 8 ന് ആഘോഷിച്ച് വരുന്നു. 2025 ലെ അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച് ജില്ലാ തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യവും ഉല്ലാസവും രാത്രികാലങ്ങളിൽ സജ്ജമാക്കുന്നതിനും സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായും ടി ദിവസം തീയേറ്ററുകളിൽ സ്ത്രീകൾക്ക് സെക്കന്റ് ഷോ സിനിമ സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നു. ഈ സജ്ജീകരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നതിനായി സൂചന പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സെക്കന്റ് ഷോ ഫിലിം കാണുന്നതിന് സ്ത്രീകൾക്കുള്ള ടിക്കറ്റും സിനിമാ തീയറ്ററുകളിൽ എത്തുന്നതിനായുള്ള സൗകര്യം ഒരുക്കുന്നതിന് താങ്കളുടെ പ്രോജക്ട് പരിധിയിലെ തദ്ദേശ സ്വയം ഭരണ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:- എല്ലാ സൂപ്പർവൈസർമാർക്കും

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2027/2024-WEC1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 21.02.2025

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി
.............................................

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അന്താരാഷ്ട്ര വനിതാ ദിനം 2025 മാർച്ച് 8 ന് – ജില്ലാ തല പരിപാടി നൈറ്റ് ഷോ സംഘടിപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന:-

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും അന്താരാഷ്ട്ര വനിത ദിനാചരണ പരിപാടി മാർച്ച് 8 ന് ആഘോഷിച്ച് വരുന്നു. 2025 ലെ അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച് ജില്ലാ തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സഞ്ചാര സ്വാതന്ത്ര്യവും ഉല്ലാസവും രാത്രികാലങ്ങളിൽ സജ്ജമാക്കുന്നതിനും സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായും ടി ദിവസം തീയേറ്ററുകളിൽ സ്ത്രീകൾക്ക് സെക്കന്റ് ഷോ സിനിമ സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നു. ഈ സജ്ജീകരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്നതിനായി സഹായം അഭ്യർത്ഥിക്കുന്നു . ടി പരിപാടിയിൽ പങ്കെടുക്കുന്ന സ്ത്രീകൾക്കുള്ള ടിക്കറ്റും സിനിമാ തീയറ്ററുകളിൽ എത്തുന്നതിനായുള്ള യാത്രാചെലവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഫണ്ട് വിനിയോഗിച്ചോ sponsorship മുഖേനയോ ആയി വഹിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ട് വകുപ്പുമായി സഹകരിച്ച് പ്രസ്തുത പരിപാടി നടത്തുന്നതിനായി സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

ബിന്ദു ഗോപിനാഥ്
അഡീഷണൽ ഡയറക്ടർ
പെൻ നമ്പർ-534060
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

പകർപ്പ്:- എല്ലാ സൂപ്പർവൈസർമാർക്കും